"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ - ഡോ.സുരേഷ്.ആർ., ചീഫ് കൺസൾട്ടന്റ് (ജനറൽ സർജറി) - താത്കാലിക സ്ഥാനക്കയറ്റം ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1554/2025/H&FWD തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:-

1. സ.ഉ.(സാധാ നം.575/2019/ആകുവ തീയതി 06.03.2019.
2. സ.ഉ.(അച്ചടി) നമ്പർ 19/2025/ആ.കു.വ തീയതി 04.02.2025
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.03.2025 തീയതിയിലെ ഇബി2-7127/2025/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ ജനറൽ സർജറി വിഭാഗം ചീഫ് കൺസൾട്ടന്റ് തസ്തികയിലേക്ക് ഡോ.സുരേഷ്.ആർ -ന് പരാമർശം (1) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്നു. 06.01.2025 ൽ ചേർന്ന വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി ഡോ.സുരേഷ്.ആർ.-നെ 2022 വർഷത്തെ ചീഫ് കൺസൾട്ടന്റ് (ജനറൽ സർജറി) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ആയത് പരാമർശം (2) പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഡോ.സുരേഷ്.ആർ, ചീഫ് കൺസൾട്ടന്റ് (ജനറൽ സർജറി) തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ടിയാന്റെ താൽക്കാലിക സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ.സുരേഷ്.ആർ.-ന് പരാമർശം (1) ഉത്തരവ് പ്രകാരം ചീഫ് കൺസൾട്ടന്റ് (ജനറൽ സർജറി) തസ്തികയിൽ നൽകിയിരുന്ന താൽക്കാലിക സ്ഥാനക്കയറ്റം ടി മെഡിക്കൽ ഓഫീസർ ചീഫ് കൺസൾട്ടന്റ് തസ്തികയിൽ പ്രവേശിച്ച 01.06.2022 തീയതി പ്രാബല്യത്തിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
ഡോ.സുരേഷ്.ആർ, ചീഫ് കൺസൽട്ടന്റ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/127/2025/ആകുവ)

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 04-06-2025 14:05:22

<u>മേലെഴുത്ത് നം.ഇബി2-7127/2025, ആവഡ, തിയതി:09/06/2025</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Joy T Philip
Date: 10-06-2025 16:16:47

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി